**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1461** **03-02-2026 - ൽ മറുപടിയ്ക്ക്**

**എളമക്കര ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ ഫണ്ട് വിനിമയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം മണ്ഡലത്തിലെ എളമക്കര ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ യൂണിഫോം വാങ്ങുന്നതിന് ഏതൊക്കെ ഇനത്തിലെ ഫണ്ടുകളാണ് നടപ്പ് അക്കാദമിക വർഷം ലഭിച്ചിട്ടുള്ളത്; ഇതിൽ ചെലവഴിച്ച തുക എത്ര എന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ; ബാക്കി ചെലവഴിക്കാനുള്ള തുക എത്രയെന്ന് അറിയിക്കുമോ; ചെലവഴിക്കാൻ കാലതാമസം ഉണ്ടായതിന്റെ കാരണം അറിയിക്കുമോ; | (എ) | 1. ബി.പി.എൽ ആൺകുട്ടികൾക്കും, എല്ലാ പെൺകുട്ടികൾക്കും ലഭിച്ച തുക - 3,16,200/- . ചെലവാക്കിയ തുക - 0/-<br><br>**ചെലവാക്കാത്തതിന്റെ കാരണം :-** പ്രിൻസിപ്പാളിന്റെ അക്കൗണ്ടിൽ പണം ലഭിച്ച വിവരം പ്രധാനാദ്ധ്യാപികയെ അറിയിക്കാൻ വൈകി. കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പൂർണമായും ലഭിച്ചിരുന്നില്ല. ചെക്ക് ബാങ്കിൽ ഹാജരാക്കിയപ്പോൾ അക്കൗണ്ടിൽ പണം ഇല്ലാതെ മടങ്ങി.<br><br>2. എ.പി.എൽ ആൺകുട്ടികൾക്ക് ലഭിച്ച തുക - 1,10,400/- . ചെലവാക്കിയ തുക - 0/-<br><br>**ചെലവാക്കാത്തതിന്റെ കാരണം :-** തുക മാറുന്നതിനായി 29.01.2026 - ന് ട്രെഷറിയിൽ ബിൽ ഹാജരാക്കും എന്ന് പ്രധാനാദ്ധ്യാപിക അറിയിച്ചിട്ടുണ്ട്. |
| (ബി) | ഫണ്ടുകളിൽ ഏതിലെങ്കിലും തിരിമറി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്രമക്കേട് നടത്തിയത് ആരൊക്കെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പോലീസിലോ മറ്റ് അധികാര കേന്ദ്രങ്ങളിലോ പരാതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീമതി.ഷെറീന എന്നയാൾക്കെതിരെ പോലീസിൽ പരാതി നൽകുകയും എളമക്കര പോലീസ് 13/01/2026 - ലെ FIR No. 0008/2026 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയും ചെയ്യുന്നു. ഇതിനു പുറമെ വകുപ്പുതലത്തിൽ ഇത് സംബന്ധിച്ച വിശദമായ ഒരു അന്വേഷണം നടത്തി റിപ്പോർട്ട് ഒരാഴ്ചക്കകം ലഭ്യമാക്കുവാൻ DDE, EKM - നോട് നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ തന്നെ വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ